# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1813 — 17/12/2012-ൽ മറുപടിയ്ക്ക്

## കേരളത്തിന് ഐ. ഐ. റ്റി.

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീമതി.കെ.എസ്.സലീഖ** | **ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി)** |
| (എ) കേരളത്തിന് ഐ.ഐ.ടി അനുവദിക്കണമെന്ന നിർദ്ദേശം കേന്ദ്ര ആസൂത്രണ കമ്മീഷൻ നിരാകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 12-)ാം പഞ്ചവത്സര പദ്ധതിയിൽ നിറിവുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുകയാണ് ആസൂത്രണ കമ്മീഷന്റെ ലക്ഷ്യം എന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) ബഹു. പ്രധാനമന്ത്രി കേരളത്തിന് ഐ.ഐ.റ്റി നൽകാമെന്ന് മുഖ്യമന്ത്രിയോട് ഉറപ്പ് നൽകിയതിനെ ലംഘിച്ചുകൊണ്ട് കേരളത്തിൽ ഐ.ഐ.ടി അനുവദിക്കുവാൻ അസാധാരണവും അടിയന്തിരവുമായ സാഹചര്യമില്ലായെന്ന മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ ഇപ്പോഴത്തെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഔദ്യോഗികമായി ഇതു സംബന്ധിച്ച് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |
| (സി) ഐ.ഐ.ടി. സംസ്ഥാനത്തിന് കിട്ടുമെന്ന ഉറപ്പിൻമേൽ സംസ്ഥാന സർക്കാർ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) പാലക്കാട് ജില്ലയിലെ പടിഞ്ഞാറെ പുതുശ്ശേരി വില്ലേജിൽ ഐ.ഐ.ടി. സ്ഥാപിക്കുന്നതിന് 237.04 ഏക്കർ ഏറ്റെടുത്തു കഴിഞ്ഞു. കൂടാതെ 273. 22 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തിന്റെ വളരെ കാലമായുള്ള പ്രസ്തുത ആവശ്യം നേടിയെടുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) കേരളത്തിന് 12-)ാം പദ്ധതി കാലയളവിൽ തന്നെ ഐ.ഐ.ടി അനുവദിക്കുന്നതിന് കേന്ദ്ര സർക്കാറിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. നേരിട്ടും കത്തുമുഖേനയും കേരളത്തിൽ ഐ.ഐ.ടി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബഹു. പ്രധാനമന്ത്രിയെയും കേന്ദ്ര മാനവശേഷി വികസന വകുപ്പ് മന്ത്രിയെയും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ